മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ പെർമിറ്റ്

164 (3674) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മത്സ്യത്തൊഴിലാളികൾക്കായി നൽകിവരുന്ന മണ്ണെണ്ണ പെർമിറ്റ് എത്രയാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വെരിഫിക്കേഷൻ കഴിഞ്ഞ് ഒരുവർഷമായിട്ടും മണ്ണെണ്ണ പെർമിറ്റ് ലഭിച്ചിട്ടില്ലെന്ന അജാനൂർ കടപ്പുറത്തെ 15 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് ആകെ 15727 മണ്ണെണ്ണ പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. മണ്ണെണ്ണ പെർമിറ്റ് ലഭ്യമാകാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. എഞ്ചിനുകളുടെ പരമാവധി കാലപ്പഴക്കം 15 വർഷമായി നിജപ്പെടുത്തിയിരിക്കണം.
2. ഒരു വ്യക്തിക്ക് പരമാവധി 2 എഞ്ചിനുകൾക്ക് മാത്രം പെർമിറ്റ് അനുവദിക്കാവുന്നതാണ്.
3. തട്ടുമടി യാനത്തിന്റെ ഉടമകൾക്ക് ഒന്നിൽ കൂടുതൽ വള്ളങ്ങൾ ഉണ്ടെങ്കിൽ പരമാവധി 4 എഞ്ചിനുകൾക്ക് വരെ പെർമിറ്റ് അനുവദിക്കാവുന്നതാണ്.
4. ഇൻബോർഡ് എഞ്ചിൻ ഉടമകൾക്ക് രണ്ട് ക്യാരിയർ വള്ളം ഉള്ള പക്ഷം ഒന്നിന് രണ്ട് എന്ന ക്രമത്തിൽ പരമാവധി നാല് എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കാവുന്നതാണ്.
5. മലബാർ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് 40 എച്ച്.പി. യുടെ എഞ്ചിനുകൾക്ക് കൂടി പെർമിറ്റ് നൽകാൻ പരിഗണിക്കേണ്ടതാണ്.
6. ഒരിക്കൽ അനുവദിച്ചിട്ടുള്ള മണ്ണെണ്ണ പെർമിറ്റുകളുടെ കാലാവധി അടുത്ത സംയുക്ത എഞ്ചിൻ പരിശോധന വരെ നിലനിർത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ജില്ലയിൽ 739 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം നടത്തുന്നത് സംബന്ധിച്ച ഒരു മീറ്റിംഗ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇപ്രകാരം മണ്ണെണ്ണ പെർമിറ്റ് ലഭിക്കാത്ത മത്സ്യത്തൊഴിലാളികൾക്കുകൂടി മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വിമാന യാത്രാക്കൂലി വർദ്ധന

165 (3675) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്രാ ചാർജ് വിമാനക്കമ്പനികൾ അഞ്ചിരട്ടിയോളം വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗൾഫ് നാടുകളിൽനിന്നും കേരളത്തിലേക്കുള്ള ടിക്കറ്റ് നിരക്ക് വർദ്ധനവിനെതിരെ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്കും തിരിച്ചും വർഷം മുഴുവൻ വിവിധ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടിവരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൂടാതെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly